LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. യിലെ നേരിട്ടുള്ള നിയമനം

86 [524] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. യിൽ ഡിപ്പോ എൻജിനീയർമാരേയും എ.റ്റി.ഒ.-മാരേയും നേരിട്ട് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ.

87 [525] ശ്രീ. പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ജീവനക്കാർക്ക് നൽകുന്ന ഡി.എ. എത്ര ശതമാനമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഡി.എ. എത്ര ശതമാനമാണ്;

(സി) നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും 49 ശതമാനം ഡി. എ. നൽകുമ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അത് നിഷേധിക്കാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 22%

(ബി) സർക്കാർ ജീവനക്കാർക്ക് 49% ഡി.എ. ആണ് നൽകുന്നത്.

(സി) കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വച്ച് ജീവനക്കാർക്ക് കൂടുതൽ ഡി.എ. നൽകാൻ സാധ്യമല്ല. സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.